അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 26

# നിനവ്

വിമലാംബിക എൽ പി എസ്,

കൊട്ടാരക്കര

# പ്രസ്താവന

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന വർഷമാണിത്. വിദ്യാലയങ്ങളിലെ അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വിമലാംബിക എൽ പി എസ്, കൊട്ടാരക്കര തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ജനസമക്ഷം സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്

<u>ഉള്ളടക്കം</u>

1 ആമുഖം - കാഴ്ചപ്പാട് ലക്ഷ്യങ്ങൾ

2 അവസ്ഥാപഠനം

3 വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ - പരിഹാരം

4 പദ്ധതി വിശദാംശങ്ങൾ

5 പ്രവർത്തന കലണ്ടർ

6 ഉപസംഹാരം

# ആമുഖം

## കാഴ്ചപ്പാട് ലക്ഷ്യങ്ങൾ

2025 – 26 അധ്യയന വർഷം സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഘട്ടമാണ്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പിക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനമായ കാര്യം കുട്ടികളിൽ ഉളവാകേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികളാണ്. കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠനപിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ അനിവാര്യഘടകമാണ്.

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിന് ഗുണനിലവാരമുള്ള വിദ്യാഭ്യാസം അടിസ്ഥാനഘടകമാണ്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്.

വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാകേണ്ടതുണ്ട്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇതിലൂടെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാകുന്നു.

നവ കേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർ പ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കോവിഡാനന്തരം പഠന ബോധന രീതികളിൽ വന്ന മാറ്റങ്ങൾ, കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്താൻ വേണ്ട പ്രത്യേക പ്രവർത്തനങ്ങൾ ഇവയ്ക്കെല്ലാം മുൻഗണന നൽകിയാകണം പദ്ധതി തയാറാക്കേണ്ടത്. വിദ്യാർഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്യുന്ന പ്രവർത്തനങ്ങൾ സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

## ലക്ഷ്യങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു.

* ഓരോ ക്ലാസ്സിലും, വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

* ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

* ഓരോ അധ്യാപകനും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

* വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

* കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠന പോഷണ പരിപാടികൾ നടപ്പാക്കുന്നു.

# അവസ്ഥാപഠനം

60% കുട്ടികൾ അതതു തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആർജ്ജിച്ചിട്ടുണ്ട്. 40% കുട്ടികളിലുള്ള പഠനവിടവ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതോടൊപ്പം കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ പഠനപ്രക്രിയയുടെ ഭാഗമായി സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. മെച്ചപ്പെട്ട പഠനാന്തരീക്ഷം ക്ലാസ് മുറികളിൽ ലഭ്യമാക്കുന്നതിന് കുട്ടികളിൽ ജനാധിപത്യം, അവസര സമത്വം, സ്വതന്ത്രചിന്ത, ലിംഗ സമത്വം എന്നീ മൂല്യങ്ങൾ പകർന്നു നൽകുന്നു. അനുയോജ്യമായ പഠനോപകരണങ്ങൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ജൈവ വൈവിധ്യ ഉദ്യാനം, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവയുടെ സഹായത്താൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിനിമയം ചെയ്യപ്പെടുന്നു. കളിസ്ഥലവും കളിയുപകരണങ്ങളും കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂളിൽ ജെ. ആർ. സി. പ്രവർത്തിച്ചുവരുന്നു.

അധ്യാപകർ പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ക്ലാസ് റൂമിൽ സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ഉറപ്പാക്കുന്നു. സ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാദേശിക വിഭവങ്ങൾ ഉപയോഗിക്കുകയും സാമൂഹിക പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു. പഠന പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ക്ലാസിലവതരിപ്പിക്കാൻ ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും അധ്യാപകർ തയാറാക്കുന്നു. അധ്യാപക-രക്ഷാകർത്തൃബന്ധം പി. ടി. എ., എം. പി. ടി എ. യോഗങ്ങളിലൂടെ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തിപോരുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കൾ സജീവമായി പങ്കെടുക്കുന്നു.

പ്രവേശനോത്സവം, ദിനാചരണങ്ങൾ ഇവയുമായി ബന്ധപ്പെട്ട് പി. ടി. എ., എം. പി. ടി എ., ജനപ്രതിനിധികൾ, പൂർവവിദ്യാർഥികൾ, പ്രാദേശിക വിദഗ്ദ്ധർ എന്നീ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിനുവേണ്ട പിന്തുണ നൽകിക്കൊണ്ടിരിക്കുന്നു.

## 2025–26 ലെ കുട്ടികളുടെ എണ്ണം

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| I | 18 | 18 | **36** |
| II | 27 | 24 | **51** |
| III | 17 | 19 | **36** |
| IV | 20 | 20 | **40** |
| **TOTAL** | **82** | **81** | **163** |

## 2025–26 ലെ ജീവനക്കാരുടെ എണ്ണം

| തസ്തിക | എണ്ണം |
|---|---|
| എച്ച്. എം. | 1 |
| എച്ച്. ടി. | 1 |
| F T അറബിക് | 1 |
| എൽ. പി. എസ്. ടി. | 7 |
| ആകെ | 10 |

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ – പരിഹാരം

തൊട്ടടുത്തുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ട അൺ എയ്ഡഡ്, സി. ബി. എസ്. ഇ. വിദ്യാലയങ്ങൾ, സ്കൂളിന്റെ ഭൗതികാവസ്ഥ, സ്മാർട്ട് ക്ലാസ് റൂമുകളുടെ അപര്യാപ്തത, ചില മേഖലകളിലെ കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ എന്നിവ സ്കൂളിന്റെ വളർച്ചയ്ക്ക് തടസമാകുന്നു. പ്രാദേശിക സമ്പത്ത്, ദിനാചരണങ്ങളിലെ വൈവിധ്യങ്ങൾ, സ്കൂൾ പ്രവർത്തനങ്ങളെ പുറം ലോകത്തെ അറിയിക്കുന്നതിനുള്ള തന്ത്രങ്ങൾ എന്നിവയിലൂടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ ആകർഷകമാക്കാം.

സമഗ്ര വിദ്യാലയ വികസന പദ്ധതിയ്ക്ക് രൂപം കൊടുക്കുന്നതിനായി പൂർവ വിദ്യാർഥി സംഘടനകൾ, അഭ്യുദയകാംഷികൾ എന്നിവരെല്ലാം ഒത്തുകൂടുകയും വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികൾ, ക്ലബ്ബുകൾ, വായനാശാലകൾ എന്നിവരെല്ലാം ഉൾപ്പെടുന്ന വിപുലമായ ഒരു വിദ്യാലയ വികസന സമിതി രൂപീകരിച്ചുകൊണ്ടാണ് മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഈ പ്രദേശത്തിന്റെ പ്രത്യേകതകളും സാധ്യതകളും പരിഗണിച്ച് പരമാവധി പ്രസ്ഥാനങ്ങളേയും സ്ഥാപനങ്ങളേയും വ്യക്തികളേയും ഈ സമിതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി സ്കൂളിനെ ഉയർത്തുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്.

## ഇനിയും ആവശ്യമായ കാര്യങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • വർക്ക് ഷോപ്പ്<br>• ലൈബ്രറി, ലാബ് - നവീകരണം<br>• ഇംഗ്ലീഷ് പഠനം<br>• കലാകായിക ക്ലബുകൾ<br>• സഹവാസ ക്യാമ്പുകൾ<br>• ബ്ലോഗ്<br>• എല്ലാ ക്ലാസിലേക്കും കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ<br>• ടാലന്റ് ലാബ് | • ചിൽഡ്രൻസ് പാർക്ക് - നവീകരണം<br>• അടുക്കള, ഡൈനിംഗ് ഹാൾ<br>• അസംബ്ലിഹാൾ<br>• കുടിവെള്ള വിതരണം<br>• ടോയ്‌ലറ്റ് | • ദിനാചരണം ജനകീയമാക്കൽ<br>• പൂർവ വിദ്യാർഥി സംഘടന മെച്ചപ്പെടുത്തൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>• പച്ചക്കറിത്തോട്ടം |

# പദ്ധതി
# വിശദാംശങ്ങൾ

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

### ജൂൺ 3 മുതൽ ജൂൺ 13 വരെ – പ്രത്യേക പ്രവർത്തനങ്ങൾ

| തീയതി | വിഷയ മേഖലകൾ |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | ലഹരി, സ്ക്രീൻ ലഹരി |

### സ്കൂളിൽ നടത്തേണ്ട കാര്യങ്ങൾ

- എസ് ആർ ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ് ആർ ജി മാന്വൽ തയ്യാറാക്കണം
- 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസ്സിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്
- കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം
- സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം
- ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റു വിഷയങ്ങളിലുമുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം
- ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്
- ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം

**മേഖല - അക്കാദമികം**
**ഉപമേഖല - പരിസരപഠനം**
**ക്ലാസ് - I**

**ലക്ഷ്യങ്ങൾ**

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു
- വിവിധതരം സസ്യങ്ങൾ, വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
- സസ്യങ്ങളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) കണ്ടെത്തുന്നു. പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, വലിപ്പം, ആകൃതി, മണം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു | പ്രകൃതി നടത്തം<br><br>ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു. പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>PTA |
| ചെടികൾക്ക് വേര്, തണ്ട്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | സ്കൂളിൽ പൂക്കൾ ശേഖരണവും പ്രദർശനവും നടത്തുന്നു. ചെടികൾ ഉപയോഗിച്ചുള്ള ചെറിയ പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു (വേര് ജലം വലിച്ചെടുക്കുന്നു). പൂന്തോട്ടത്തിൽ നിന്ന് ചെടികൾ നിരീക്ഷിച്ച അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | അധ്യാപകർ<br>PTA |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ കൊണ്ടുവരുന്നു, പ്രദർശിപ്പിക്കുന്നു. ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു. | ഡിസംബർ | രക്ഷിതാക്കൾ<br>അധ്യാപകർ |
| അടുക്കളത്തോട്ട നിർമ്മാണം | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | രക്ഷിതാക്കൾ<br>അധ്യാപകർ |

**മേഖല - അക്കാദമികം**
**ഉപമേഖല - മലയാളം**

**ക്ലാസ് - I**

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസ്സിൽ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാനുള്ള കഴിവുള്ളവരാക്കുക.
- പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുക
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന | ചിത്രവായന<br><br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br><br>വായനമൂല ഒരുക്കൽ<br><br>പത്രവായന<br><br>വായനകാർഡ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>PTA<br>രക്ഷിതാക്കൾ |
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br><br>സചിത്ര ബുക്ക്<br><br>സംയുക്ത ഡയറി എഴുത്ത്<br><br>ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു, ആ അക്ഷരം എഴുതുന്നു.<br><br>ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു.<br><br>സാങ്കല്പിക ഡയറി എഴുതുന്നു വരികൾ കൂട്ടിച്ചേർക്കുന്നു<br><br>ചിത്രം നൽകി അതിൽ നിന്നും കഥ ഉണ്ടാക്കുന്നു<br><br>സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>PTA<br>രക്ഷിതാക്കൾ |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത മാഗസിൻ | ജൂൺ - മാർച്ച് | class teacher |
| | • ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സെപ്റ്റംബർ | class teacher |
| | • ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG,<br>class Teacher |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമ പ്രദർശനം<br>Story Telling, Conversation | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher |

**മേഖല - അക്കാദമികം**

**ഉപമേഖല - മലയാളം**

## ക്ലാസ് - II

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

**മുന്നൊരുക്കം**

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**പ്രവർത്തന ലക്ഷ്യം**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ**

- ✓ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ✓ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- ✓ വായനാ സാമഗ്രികൾ നിർമിക്കൽ
- ✓ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

- ✓ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

- ✓ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

**ആഗസ്റ്റ്**

- ✓ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- ✓ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ✓ വീട്ടു ലൈബ്രറി ഒരുക്കൽ
- ✓ ചിത്ര വിവരണം
- ✓ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

- ✓ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- ✓ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- ✓ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- ✓ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

- ✓ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- ✓ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

  ഉദാ:- ആന

  വലിയ ആന

  കറുത്ത വലിയ ആന

**നവംബർ**

- ✓ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

- ✓ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ✓ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

- ✓ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
- ✓ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

**ഫെബ്രുവരി**

- ✓ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

- ✓ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**മാർച്ച്**

- ✓ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ✓ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ✓ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- ✓ വീട്ടുവായന, കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ✓ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ SRG |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk... പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG |
| | English ബാലസഭ | മാസത്തിൽ ഒന്ന് | Class Teacher |
| | ഇംഗ്ലീഷ് അസ്സംബ്ലി One day English | ആഴ്ചയിൽ ഒന്ന് | SMC |

**മേഖല - അക്കാദമികം**
**ഉപമേഖല - പരിസരപഠനം**
**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | Class Teacher<br>SRG<br>SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ | Teachers<br>SRG<br>SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താവായന മത്സരം സംഘടിപ്പിക്കൽ<br>വായന ക്യാമ്പുകൾ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന്<br>3 മാസത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | HM<br>SRG<br>Class Teacher<br>CPTA |

**മേഖല - അക്കാദമികം**

**ഉപമേഖല - മലയാളം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| **വായന**<br>മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ |
| | അമ്മ വായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ |
| | വായനക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും <u>ഉള്ള</u> ശേഷി വികസിപ്പിക്കുക<br>അക്ഷരം തെറ്റ് കൂടാതെ എഴുതുവാനു<u>ള്ള</u> ശേഷി കൈവരിക്കൽ,<br>വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനു<u>ള്ള</u> ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ |
| | ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് |
| | സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ |
| | ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ |
| | നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | നവംബർ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി സി പി ടി എ | അധ്യയന വർഷം മുഴുവൻ |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്) | ആഗസ്റ്റ് |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനഃ കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ, നവംബർ |
| ഗുണന വസ്തുതകൾ നേടൽ | • മനഃ കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ - ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് |

## ക്ലാസ് - III, പരിസരപഠനം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | ✓ ചെടികൾ നിരീക്ഷിക്കുന്നു<br>✓ പ്രകൃതി നടത്തം<br>✓ വിത്ത് മുളപ്പിക്കൽ<br>✓ വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>✓ പരിസ്ഥിതി ദിനാചരണം<br>✓ ഹരിതകാർഡ് നിർമ്മാണം | SRG |
| ജൂലൈ | ✓ വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>✓ മണ്ണ് നിരീക്ഷണം<br>✓ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം ശലഭങ്ങൾ വരുന്ന ചെടികൾ | PTA, SRG |
| വർഷം മുഴുവൻ | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | SRG, PTA |
| ആഗസ്റ്റ് | ✓ മഴമാപിനി നിർമ്മാണം<br>✓ ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>✓ കിണർ സന്ദർശനം<br>✓ മണ്ണ് നിരീക്ഷണം<br>✓ മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മാണം | SRG |
| സെപ്റ്റംബർ | ✓ ശുചിത്വ പോസ്റ്റർ നിർമ്മാണം<br>✓ സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>✓ ആരോഗ്യ ബോധവത്ക്കരണ സെമിനാർ<br>✓ ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | SRG, PTA |
| ഒക്ടോബർ | ✓ ഫീൽഡ് ട്രിപ്പ് - പഴം/പച്ചക്കറിക്കട<br>✓ ഫുഡ് ഫെസ്റ്റിവൽ<br>✓ എന്റെ ആരോഗ്യകാർഡ് - ഓരോ കുട്ടിക്കും<br>✓ ബി എം ഐ കാണുന്നു<br>✓ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>✓ ശരിയായ ഭക്ഷണശീലം | PTA, MPTA, SRG |

| | | |
|---|---|---|
| നവംബർ | ✓ ആരോഗ്യവിദഗ്ധരുടെ ക്ലാസ്<br>✓ റോൾപ്ലേ – റോഡ് നിയമങ്ങൾ<br>✓ ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ<br>✓ ഫസ്റ്റ് എയ്ഡ് - റീഡേഴ്സ് തീയേറ്റർ<br>✓ സ്വയ സുരക്ഷ - പത്ര കട്ടിങ്സ് ചർച്ച, ബോധവൽക്കരണം | SRG, PTA, CPTA |
| ഡിസംബർ | പരീക്ഷണങ്ങൾ<br>✓ നിരീക്ഷണ പ്രവർത്തനം ഗ്ലോബ് ഐ സി ടി<br>✓ ഗ്ലോബ് നിർമ്മാണം<br>✓ ദേശീയ പതാക വരയ്ക്കൽ<br>✓ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>✓ ഭൂപട വായന<br>✓ എന്റെ കേരളം – ചിത്രരചന, കുറിപ്പ്, ചോദ്യോത്തരപ്പയറ്റ്<br>✓ ഭൂപ്രകൃതി തിരിച്ചറിയൽ – ഗൂഗിൾ മാപ് | PTA |
| ജനുവരി<br>ഫെബ്രുവരി | ✓ ജീവികളുടെ - ചിത്രശേഖരണം<br>✓ വ്യത്യസ്തതരം വീടുകൾ - ആൽബം<br>✓ വീട് നിർമ്മാണ ഇടം - സന്ദർശനം<br>✓ വ്യത്യസ്തതരം ജോലികൾ - സർവ്വേ<br>✓ ഇന്റർവ്യൂ, ഫീൽഡ് വിസിറ്റ് - പൊതുസ്ഥാപനം | SRG, PTA |
| മാർച്ച് | പഠനോത്സവം | SRG, PTA, MPTA, SSK |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് – IV**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| **ഇംഗ്ലീഷ് അസ്സംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം അസ്സംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | Class Teacher |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | CPTA<br>Class Teacher |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | HM<br>SRG<br>Class Teacher |
| **ഇംഗ്ലീഷ് മാഗസിൻ** | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | SRG<br>Class Teacher |
| **ഇംഗ്ലീഷ് കൈയെഴുത്തു** | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | Class Teacher<br>CPTA |

| | | | |
|---|---|---|---|
| **ഇംഗ്ലീഷ് കോർണർ** | | | |
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ വായനക്കുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | HM<br>SRG<br>Class Teacher |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായന മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | SRG<br>Class Teacher |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| **പ്രകൃതി നടത്തം** | | | |
| നിരീക്ഷണം - അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA |
| **ശാസ്ത്രമൂല** | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Teacher |
| **ശാസ്ത്രയാത്ര** | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class Teacher |
| **ഭൂപടമൊരുക്കാം** | | | |
| കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class Teacher |
| **ശാസ്ത്ര വിസ്മയ ചുമർ** | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher |
| **ശാസ്ത്രോത്സവം** | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher |
| **ശാസ്ത്ര മാസിക** | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - IV**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **കളിക്കാം... ഗണിക്കാം** | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | |
| ഗണിതശാസ്ത്രപഠനം രസകരമാക്കാൻ - കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |
| **ഗണിതലാബ്** | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ |
| **ഗണിതച്ചുമർ** | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| **ഗണിതപഠനോപകരണ ശില്പശാല** | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| **ഗണിതമേള** | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ |

## ക്ലാസ് - IV, മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **മധുരം മലയാളം** | | | |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ<br>വായനശേഷി വളർത്തൽ ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ |
| **വായിക്കാം വളരാം** | | | |
| വായനശേഷി വളർത്തൽ | ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ<br>- പുസ്തക പരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം | വർഷം മുഴുവൻ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| **എഴുതാം തെളിയാം** | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| **കണ്ടറിയാം കേട്ടറിയാം** | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ |
| **രുചിച്ചറിയാം** | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണശീലങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>PTA<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| **കലകൂട്ട്** | | | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| **സർഗോത്സവം** | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | • കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്തു ആവശ്യമായ പരിശീലനം നൽകുക<br>• സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക<br>• യോഗ, സൈക്കിളിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• യോഗ ക്ലാസുകൾ സംഘടിപ്പിക്കുക | |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാവുക<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | തദ്ദേശസ്ഥാപനങ്ങൾ<br>സ്റ്റാഫ്<br>PTA |
| കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല. | • കായിക പ്രതിഭാ പദ്ധതി – താല്പര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം | |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. | • കായിക പ്രതിഭകളെ ആദരിക്കൽ | സ്റ്റാഫ്<br>PTA |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഇല്ല | • വൈദ്യ പരിശോധന<br>• ആരോഗ്യ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം | Health Club |

| | | |
|---|---|---|
| ശരിയായ ഭക്ഷണ ശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യ ക്ലാസുകൾ<br>• അടുക്കളത്തോട്ടം | |
| പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ് | • വിദഗ്ദ്ധരുടെ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• പ്രഥമശുശ്രൂഷ കിറ്റ് – സൗകര്യം ലഭ്യമാക്കൽ | |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പ്രവൃത്തി പരിചയം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ<br>• പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക | BRC |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | • പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>• അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | Club |
| തുടർപരിശീലനത്തിന്റെ അഭാവം | • പിടിഎ, എസ്, എസ്,ജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക | PTA<br>SSG |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല | • തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക | PTA<br>SSG<br>BRC |
| അസംസ്കൃത വസ്തുക്കളുടെ അഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം<br>• പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക | പൂർവ്വവിദ്യാർത്ഥികൾ |

| | | |
|---|---|---|
| സ്കൂൾ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല | • അവശ്യവസ്തുക്കളുടെ നിർമ്മാണക്കളരി സംഘടിപ്പിക്കുക (കുട, നോട്ട്ബുക്ക്, തുണിസഞ്ചി, പേപ്പർബാഗ്, സോപ്പ്<br>• പി ടി എ യുടെ നേതൃത്വത്തിൽ ഉൽപ്പന്നങ്ങളുടെ വിപണനമേള നടത്തുക<br>• കുട്ടിച്ചന്തകൾ സംഘടിപ്പിക്കുക | PTA<br>പൂർവ്വവിദ്യാർത്ഥികൾ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂളിൽ മനോഹരമായ പൂന്തോട്ടത്തിന്റെ കുറവ് | സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുക<br>• ചെടികൾ<br>• വൃക്ഷത്തൈകൾ<br>• പഴവർഗങ്ങൾ | ജൂൺ 5 | മാനേജ്മെന്റ് |
| വീട്ടിലെ അടുക്കളത്തോട്ടം | • കുട്ടികൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തിൽ പച്ചക്കറിത്തോട്ടം വച്ച് പിടിപ്പിക്കുന്നു<br>• സ്കൂൾ പച്ചക്കറിത്തോട്ടം | ജൂലൈ | സ്റ്റാഫ് |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | ജൂൺ ജൂലൈ | എസ് എസ് എ |
| ജലദൗർലഭ്യം | • ജലസംരക്ഷണമാർഗങ്ങൾ മഴവെള്ളസംഭരണി, ബോധവൽക്കരണം | | തദ്ദേശസ്ഥാപനങ്ങൾ |
| സ്കൂൾ തന്നെ പാഠപുസ്തകം | • ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ<br>• ശലഭോദ്യാനം | ജൂലൈ - മാർച്ച് | എസ് എസ് എ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പുസ്തകങ്ങൾ കുറവ് | • പുസ്തക ശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>• പിറന്നാളിന് ഒരു പുസ്തകം – തുറന്ന് ലൈബ്രറിയിലേക്ക് അസ്സംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ കുട്ടികളിൽ പുസ്തകം തരാനുള്ള ആവേശം ഉണ്ടാക്കൽ | 3 മാസം | PTA<br>പൂർവ്വവിദ്യാർത്ഥികൾ |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ | 2 മാസം | |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ് ലൈബ്രറി കണ്ടെത്തൽ (പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി) | 1 വർഷം | പൂർവ്വവിദ്യാർത്ഥികൾ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - കലാപഠനം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല | • ഒഴിവുദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പുകൾ സങ്കടിപ്പിക്കുന്നു<br>• അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>• അവധിക്കാലത്ത് അഞ്ച് ദിവസം നീളുന്ന ചിത്രരചനാ പരിശീലനം | വിദ്യാരംഗം |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടുവന്ന് ക്ലാസുകൾ സംഘടിപ്പിക്കുന്നു | വിദ്യാരംഗം |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | • വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ, എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു | വിദ്യാരംഗം |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | • ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു<br>• കുട്ടികൾക്ക് നാടക പരിശീലനം നൽകുക<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു | വിദ്യാരംഗം<br>പി ടി എ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഐ ടി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പിടിഎ, പൂർവ്വവിദ്യാർത്ഥികളെ സമീപിക്കുന്നു<br>• ചുരുങ്ങിയത് 5 കംപ്യൂട്ടറുകൾ എങ്കിലും ശേഖരിക്കുന്നു | പൂർവ്വവിദ്യാർത്ഥികൾ |
| വൈദ്യുതിയുടെ അഭാവത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല | • മുഴുവൻ കംപ്യൂട്ടറുകളും പ്രവർത്തിപ്പിക്കാനാവശ്യമായ ഇൻവെർട്ടർ സംവിധാനം ഒരുക്കുക | ലോക്കൽ ഗവ മാനേജ്മെന്റ് കമ്മിറ്റി |
| പാഠഭാഗങ്ങൾ ഐ സി ടി സാധ്യത ഉപയോഗിച്ച വിനിമയം ചെയ്യാനുള്ള പ്രയാസം | • മുഴുവൻ ക്ലാസ്സുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ സംവിധാനം ഒരുക്കുക | പൂർവ്വവിദ്യാർത്ഥികൾ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: ഭിന്നശേഷി നിലവാരക്കാർ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു | BRC |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നില്ല | • റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക<br>• ഐ സി ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>• ഇത്തരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക TM തയ്യാറാക്കുക<br>• സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ സംവിധാനങ്ങൾ എന്നിവ ഒരുക്കുക | BRC<br>CPTA<br>SSG |
| പ്രത്യേകം പരിഗണന കിട്ടായ്മ | • ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു<br>• Student of the day പ്രോഗ്രാം ആരംഭിക്കുന്നു<br>• കഥ, പാട്ട്, വരപ്പിക്കൽ, കേൾപ്പിക്കൽ, വായിച്ചുകൊടുക്കൽ ഒറിഗാമി പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നു. | സ്റ്റാഫ് |

# Academic Calendar 2025 - 26

| Sl No | Name of Programme | Time | Charge |
|---|---|---|---|
| 1 | SRG യോഗം | Jun 2 - Mon | |
| 2 | കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ | June 3 - 13 | |
| 3 | സ്കൂൾ പച്ചക്കറിത്തോട്ടം | June 5 – 10 | Sci Club |
| 4 | SRG യോഗം | June 13 – Fri | |
| 5 | വായനക്കളരി നവീകരണം | June 19 – 26 | Mal Club |
| 6 | PTA/MPTA ജനറൽബോഡി | June 27 – Fri | |
| 7 | SRG യോഗം | June 30 - Mon | |
| 8 | ബഷീർ ചരമദിനം | July 5 - Thurs | Mal Club |
| 9 | PTA/MPTA പ്രവർത്തകസമിതി | July 9 – Mon | |
| 10 | ലോകജനസംഖ്യാ ദിനം | July 11 – Wed | SS Club |
| 11 | Science Club ഉദ്ഘാടനം ഓരോ ക്ലാസ്സിലേക്കും 15 - 20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്തലത്തിൽ ശാസ്ത്രലാബ് ക്രമീകരിക്കുന്നു | July 20 - Fri | Sci Club |
| 12 | ചന്ദ്രദിനം | July 21, 22 – M,T | |

| | | | |
|---|---|---|---|
| 13 | സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | July 23 - Wed | |
| 14 | മുന്നേറ്റം<br>(മലയാളഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | July 7 - Mon<br>JUly 14 - Mon | Mal Club |
| 15 | SRG യോഗം | July 25 - Fri | |
| 16 | PTA/MPTA പ്രവർത്തകസമിതി | Aug 5 - Tue | |
| 17 | ഹിരോഷിമദിനം | Aug 6 – Wed | SS Club |
| 18 | മുന്നേറ്റം<br>(ഗണിതപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | Aug 9 – Sat<br>Aug 16 – Sat<br>Aug 23 - Sat | Maths Club |
| 19 | സ്വാതന്ത്ര്യദിനാഘോഷം | Aug 15 – Fri | |
| 20 | SRG യോഗം | Aug 27 – Wed | |
| 21 | ഓണാഘോഷം,<br>PTA/MPTA പ്രവർത്തകസമിതി | Sept | |
| 22 | അധ്യാപകദിനം | Sep 5 – Fri | SS Club |
| 23 | ഓസോൺ ദിനം | Sept 16 - Tue | Sci Club |
| 24 | സാഹിത്യശില്പശാല<br>(സാഹിത്യാഭിരുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാശില്പശാല, കൈയെഴുത്ത് മാസിക പ്രകാശനം) | Sept 23 Tue | വിദ്യാരംഗം |
| 25 | CPTA | Sept 26 - Fri | |

| | | | |
|---|---|---|---|
| 26 | SRG യോഗം | Sept 26 - Fri | |
| 27 | ഗാന്ധിജയന്തി | Oct 2 -Tue | |
| 28 | PTA/MPTA പ്രവർത്തകസമിതി | Oct 7 - Mon | |
| 29 | SRG യോഗം | Oct 24 - Fri | |
| 30 | PTA/MPTA പ്രവർത്തകസമിതി | Nov 1 - Fri | |
| 31 | ശിശുദിനം | Nov 14 - Fri | Lang Club (Mal,Ar) |
| 32 | SRG യോഗം | Nov 21 - Fri | |
| 33 | സ്കൂൾ പൂന്തോട്ടനിർമ്മാണം | Nov 29 - Sat | |
| 34 | PTA/MPTA പ്രവർത്തകസമിതി | Dec 2 - Tue | |
| 35 | ക്ലാസ് ഗണിത ലാബ് - ശില്പശാല<br>കുട്ടികളെ തെരഞ്ഞെടുത്തു ഏകദിന<br>ശില്പശാല നടത്തുന്നു.<br>ഓരോ ക്ലാസ്സിലേക്കും 15-20<br>വീതം പഠനോപകരണങ്ങൾ<br>ഉണ്ടാക്കുന്നു. ക്ലാസ്സ്തലത്തിൽ<br>ഗണിതലാബ് ക്രമീകരിക്കുന്നു | Dec 5 - Sat | Maths Club |
| 36 | SRG യോഗം | Dec 19 - Fri | |
| 37 | PTA/MPTA പ്രവർത്തകസമിതി | Dec 26 - Fri | |
| 38 | CPTA | Jan 2 – Fri | |
| 39 | ക്ലാസ്സിലെ എല്ലാ<br>കുട്ടികളെയും പങ്കെടുപ്പിച്ചു<br>ക്രാഫ്റ്റ് പരിശീലനം, പെൻസ്റ്റാൻഡ്,<br>കൗതുകവസ്തുക്കൾ തുടങ്ങിയവ<br>നിർമ്മിക്കുന്നു | Jan 11 - Sat | |

| | | | |
|---|---|---|---|
| 40 | റിപ്പബ്ലിക് ദിനം | Jan 26 - Mon | |
| 41 | SRG യോഗം | Jan 23 - Fri | |
| 42 | PTA/MPTA പ്രവർത്തകസമിതി | Feb 6 - Fri | |
| 43 | Lang lab inauguration | Feb 10 - Tue | Eng Club |
| 44 | ആരോഗ്യക്ലാസ്, പോഷകാഹാരമേള<br>ഏകദിനക്യാമ്പ് | Feb 16 - Mon | |
| 45 | SRG യോഗം | Feb 20 - Fri | |
| 46 | ദേശീയശാസ്ത്രദിനം | Feb 25 - Wed | Sci Club<br>SS Club |
| 47 | PTA/MPTA പ്രവർത്തകസമിതി | Mar 4 - Wed | |
| 48 | പഠനോത്സവം<br>(കുട്ടികൾ പഠനത്തെളിവുകളും<br>ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നു) | Mar 7 - Sat | |
| 49 | SRG യോഗം | Mar 13 - Fri | |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിന്റെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എത്തുന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സഹായകമായ തരത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാനിൽ കുട്ടികളിൽ ഉളവാകേണ്ട മൂല്യബോധം വികസിക്കുന്നതിനുള്ള പദ്ധതികൾ കൂടി ഉൾച്ചേർത്തിട്ടുണ്ട്. സമൂഹത്തിന്റെ നവോഥാന പ്രവർത്തനങ്ങൾക്ക് തുടർച്ച ഉണ്ടാക്കുന്നതിനും പുതിയ ലോകം സൃഷ്ടിക്കാനുമുള്ള കർമ്മപദ്ധതിയായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.